LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ബി) സംസ്ഥാനത്ത് ഹയർസെക്കന്ററി അധിക ബാച്ചുകൾ അനുവദിക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണം

107 (7074) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 96 ലക്ഷം രൂപ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 8 ക്ലാസ് മുറി നിർമ്മിക്കുന്നതിലേക്ക് പ്ലാനും അനുബന്ധരേഖകളും ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ ലഭിച്ചിരുന്നുവോ ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനം നടത്തുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പ് തയ്യാറാക്കിയ പ്രാഥമിക ലിസ്റ്റിൽ 12-ാമതായി ഈ പ്രവൃത്തി ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പിന്നീട് തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ ഈ പ്രവൃത്തി ഉൾപ്പെടുത്താതെ പോയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മേൽപ്പറഞ്ഞ സ്കൂളിന്റെ അടിസ്ഥാന സൗകര്യ അപര്യാപ്തത കണക്കിലെടുത്ത് നടപ്പുസാമ്പത്തികവർഷം കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിക്കാൻ സന്നദ്ധമാകുമോ ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഫണ്ടിന്റെ അപര്യാപ്തതമൂലം ഈ സാമ്പത്തികവർഷം കെട്ടിട നിർമ്മാണത്തിനായി ടി സ്കൂളിനെ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

കണ്ണൂർ ജില്ലയിലെ എച്ച്.എസ്.എ. മലയാളം തസ്തികയിലെ ഒഴിവുകൾ

108 (7075) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ എച്ച്.എസ്.എ. മലയാളം തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് ; ഏതൊക്കെ സ്കൂളുകളിൽ ; വ്യക്തമാക്കുമോ ;

(ബി) എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട് ;